സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡ് – കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC No. 8334/22/Est-I** നന്തൻകോട്, **30/09/2022**

---

പരാമർശം :– 1) 11–07–2022 ലെ സ.ഉ(കൈ) 18/2022/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 27–08–2022 ലെ ROC 17456/22/Est-A നമ്പർ റിപ്പോർട്ട്.

3) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 27–09–2022 ലെ DE VI(1) 262290/20/EW നമ്പർ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർ ഹാജരാക്കുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് സർട്ടിഫിക്കറ്റുകളിന്മേൽ കൺഫർമേഷന് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കത്ത് നൽകി വരുന്നുവെന്നും നിലവിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളിൽ QR Code സംവിധാനം ഉള്ളതിനാൽ കൺഫർമേഷന്റെ ആവശ്യമില്ലായെന്ന് കാണുന്നുവെന്നും ആകയാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഉപയോഗിച്ച് പരീക്ഷ വിജയിച്ച വിവരങ്ങൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –2).

ടി വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കത്ത് ലഭ്യമാക്കിയതിൽ പരാമർശ ഉത്തരവുപ്രകാരം വകുപ്പുതല പരീക്ഷാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത QR Code scan ചെയ്തോ http://psc.kerala.gov.in/kpsc/certverify.php എന്ന URL ഉപയോഗിച്ചോ ഉറപ്പാക്കാവുന്നതായും QR Code സംവിധാനം ഇല്ലാത്ത സർട്ടിഫിക്കറ്റുകളിൽ നിലവിലുളള രീതി തുടരാവുന്നതായും അറിയിച്ചിട്ടുളളതാണ് (പരാമർശം – 3).

(മറുപുറം)

ടി വിഷയം ബോർഡ് പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വകുപ്പുതല പരീക്ഷാ സർട്ടിഫിക്കറ്റുകളുടെ ആധികാരികത മേൽപ്രകാരം ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
2. സെക്ഷൻ ഫയൽ
3. ഫയൽ ബുക്ക്
4. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK